**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - തൃശ്ശൂർ ജില്ലയിലെ കൊടകര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. എം.കെ. സുരേഷ് സമർപ്പിച്ച അപ്പീൽ അപേക്ഷ - നിരസിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

===============================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.451/2018/തസ്വഭവ തീയതി, തിരുവനന്തപുരം, 15.02.2018

===============================================================================

പരാമർശം: 1. പഞ്ചായത്ത് ഡയറക്ടറുടെ 29.12.2016-ലെ ഡി7-3872/15 നമ്പർ നടപടിക്രമങ്ങൾ

2. ശ്രീ. എം.കെ. സുരേഷ്, അവിണിശ്ശേരി ഗ്രാമപഞ്ചായത്ത് (മുൻ സെക്രട്ടറി, കൊടകര ഗ്രാമപഞ്ചായത്ത്) സമർപ്പിച്ച 23.10.2017-ലെ അപ്പീൽ അപേക്ഷ

3. പഞ്ചായത്ത് ഡയറക്ടറുടെ 27.12.2017-ലെ ഡി7-3872/15 നമ്പർ കത്ത്

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ കൊടകര വില്ലേജിൽ ശ്രീ.കെ.എ.ജോസ്, കിഴക്കുടൻ ഹൗസ് എന്നയാളുടെ കൈവശത്തിലും ഉടമസ്ഥതയിലുമുള്ള സർവ്വേ നമ്പർ 138/1 ൽപ്പെട്ട 39.25 ആർ വസ്തു ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്തുന്നതിന് അകാരണമായ കാലതാമസം വരുത്തുന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. എം.കെ.സുരേഷിനെതിരെ ശിക്ഷണ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ ജോസ് സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടർ ശ്രീ. എം.കെ. സുരേഷിനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും പരാമർശം (1) ഉത്തരവ് പ്രകാരം ടിയാന്റെ ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിത ഫലമില്ലാതെ ഒരു വർഷത്തേയ്ക്ക് തടയുകയും ചെയ്തു. ടി പഞ്ചായത്ത് ഡയറക്ടറുടെ നടപടി ഒഴിവാക്കി നൽകണമെന്നാവശ്യപ്പെട്ട് ശ്രീ. സുരേഷ് പരാമർശം (2) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

ശ്രീ. സുരേഷ് സമർപ്പിച്ച അപ്പീൽ അപേക്ഷയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായ പ്രാദേശിക നിരീക്ഷണ സമിതിയുടെ തീരുമാന പ്രകാരം കൃഷി ഓഫീസർ പുറപ്പെടുവിച്ച ഉത്തരവ് വിജ്ഞാപനം ചെയ്യാൻ ബാദ്ധ്യസ്ഥനായ സെക്രട്ടറി ആയത് ചെയ്യാതെ പഞ്ചായത്ത് ഭരണ സമിതിയിൽ ചർച്ച ചെയ്യുന്നതിന് സാഹചര്യമൊരുക്കിയത് ഉചിതമായ നടപടിയല്ലെന്നും അനാവശ്യമായ കാലതാമസം വരുത്തുന്നതിന് ഇടയാക്കിയെന്നും കണ്ടതിന്റെ അടിസ്ഥാനത്തിലാണ് ശ്രീ. എം.കെ. സുരേഷിനെതിരെ അച്ചടക്ക നടപടി ആരംഭിക്കുകയും ടിയാന്റെ ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ ഒരു വർഷത്തേയ്ക്ക് തടഞ്ഞ് ലഘു ശിക്ഷ നല്കി അച്ചടക്ക നടപടി തീർപ്പാക്കുകയും ചെയ്തത് എന്നാണ് അറിയിച്ചിരിക്കുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായ പ്രാദേശിക നിരീക്ഷണ സമിതിയുടെ തീരുമാന പ്രകാരം കൃഷി ഓഫീസർ പുറപ്പെടുവിച്ച ഉത്തരവ് വിജ്ഞാപനം ചെയ്യാൻ ബാദ്ധ്യസ്ഥനായ സെക്രട്ടറി ആയത് ചെയ്യാതെ പഞ്ചായത്ത് ഭരണ സമിതിയിൽ ചർച്ച ചെയ്യുന്നതിന് സാഹചര്യമൊരുക്കിയത് ഉചിതമായ നടപടിയല്ലെന്നും അകാരണമായ കാലതാമസം വരുത്തുന്നതിന് ഇടയാക്കിയെന്നും കാണുന്നു. ഈ സാഹചര്യത്തിൽ പഞ്ചായത്ത് സെക്രട്ടറിയുടെ നടപടിയിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. ആയതിനാൽ ശ്രീ. എം.കെ. സുരേഷിനെതിരെ പഞ്ചായത്ത് ഡയറക്ടർ സ്വീകരിച്ച അച്ചടക്ക നടപടിയ്ക്കെതിരെ ടിയാൻ സമർപ്പിച്ച പരാമർശം (2) ലെ അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
അഡീഷണൽ സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീ. എം.കെ. സുരേഷ്, സെക്രട്ടറി, അവിണിശ്ശേരി ഗ്രാമപഞ്ചായത്ത് (മുൻ സെക്രട്ടറി, കൊടകര ഗ്രാമപഞ്ചായത്ത്)
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/9/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ